**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ പിങ്കി എൽ പി, ജൂനിയർ കൺസൾട്ടന്റ് ( ഓഫ്ത്താൽ മോളജി) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. എ1/6639/2013/ജിമെആ ആലപ്പുഴ തീയതി.23.12.2013

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 9629/2014/ആവഡ തീയതി 06.03.2014

3. ഡോ പിങ്കി എൽ പി സമർപ്പിച്ച അപേക്ഷ തീയതി 27.03.2014

4. കത്ത് നം ഇഎ4- 9629/2014/ആവഡ തീയതി. 12.05.2014

5. GE5/E/92-37/7492 തീയതി 24.12.2017

**ഉത്തരവ് നം. DHS/4062/2025-EA4 തീയതി.11-12-2025**

ഡോ പിങ്കി എൽ പി (Dr Pinki L P) ആലപ്പുഴ പുളിങ്കുന്ന് താലൂക്കാസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഓഫ്ത്താൽമോളജി) തസ്തികയിൽ സേവനത്തിൽ തുടരവെ 01.07.2013 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അപേക്ഷിച്ചിരുന്നു സേവനത്തിൽ പുന പ്രവേശിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം

(4) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ടി കത്തിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

(2). ഡോ പിങ്കി എൽ പി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയതിന് മറുപടി സമർപ്പിച്ചിട്ടുമില്ല. ടി സാഹചര്യത്തിൽ 01.07.2013 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ പിങ്കി എൽ പി, ജൂനിയർ കൺസൾട്ടന്റ് (ഓഫ്ത്താൽമോളജി) ന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ പിങ്കി എൽ പി, ജൂനിയർ കൺസൾട്ടന്റ് (ഓഫ്ത്താൽമോളജി) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 11-12-2025 16:23:15

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Pinki L P,**

**Sundra Bhavan, Sakthikulangara, Kollam**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
ആലപ്പുഴ.
3. സൂപ്രണ്ട്,
താലൂക്കാസ്ഥന ആശുപത്രി പുളിങ്കുന്ന്, ആലുപ്പുഴ
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. സീനിയർ സൂപ്രണ്ട്,
ഇബി സെക്ഷൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്
5. ഫയൽ